1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനത്തിന് ഇന്ന് തുടക്കം. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി കൂടിക്കാഴ്ച നടത്തും.
   **Prime Minister Narendra Modi to begin his two-day visit to Israel today. PM will hold talks with Israeli Prime Minister Benjamin Netanyahu.**

2. സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കി മാറ്റാനുള്ള നിർദ്ദേശത്തിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.
   **The Union Cabinet approves the proposal for alteration of name of State of Kerala as Keralam.**

3. കർഷക ക്ഷേമത്തിനായി സംസ്ഥാനങ്ങൾക്ക് അനുവദിച്ച ഫണ്ട് പൂർണമായി വിനിയോഗിക്കണമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.
   **The funds allocated to states for farmers' welfare should be fully utilized; says Union Minister Shivraj Singh Chouhan.**

4. കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാം ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

**Chief Minister Pinarayi Vijayan to inaugurate the first phase of the International Ayurveda Research Centre in Kannur today.**

5. **കാർഷിക മേഖലയിലെ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്താൻ തീരുമാനിച്ച് ഇന്ത്യയും കെനിയയും.**

   **India and Kenya emphasized the need to strengthen bilateral cooperation in the agricultural sector.**

6. **ഐസിസി പുരുഷ ടി20 ക്രിക്കറ്റ് ലോകകപ്പിൽ, സൂപ്പർ 8 മത്സരത്തിൽ പാകിസ്ഥാനെതിരെ ഇംഗ്ലണ്ടിന് 2 വിക്കറ്റ് ജയം.**

   **In the ICC Men's T20 Cricket World Cup, England defeated Pakistan by 2 wickets in the Super 8 match.**

****************************

## PREZ-MAHARASHTRA VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മഹാരാഷ്ട്ര സന്ദർശനം പുരോഗമിക്കുന്നു. ഇന്നലെ ഛത്രപതി ശിവജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ രാഷ്ട്രപതിയെ മഹാരാഷ്ട്ര ഗവർണർ ആചാര്യ ദേവ്വ്രത് സ്വീകരിച്ചു. ലോക് ഭവനിൽ പി.ഡി. ഹിന്ദുജ ആശുപത്രി സംഘടിപ്പിച്ച Saving Lives and Building a Healthier Bharat എന്ന ദേശീയതല പ്രചാരണ പരിപാടി രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ പൗരന്മാർക്ക് സമയബന്ധിതമായ ചികിത്സ ലഭ്യമാക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണെന്ന് രാഷ്ട്രപതി പറഞ്ഞു. ഇന്ന് ബുൽധാന ജില്ലയിലെ ഷെഗാവില് കേന്ദ്ര ആയുഷ് മന്ത്രാലയം സംഘടിപ്പിക്കുന്ന 'ദേശീയ ആരോഗ്യ മേള 2026' രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

******************************

## PM ISRAEL (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനത്തിന് ഇന്ന് തുടക്കം. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി അദ്ദേഹം ടെൽ അവീവിൽ കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ഇസ്രായേൽ നയതന്ത്ര പങ്കാളിത്തത്തിന്റെ പുരോഗതി ഇരുവരും വിലയിരുത്തും.

**വിശദാംശങ്ങളിലേക്ക്....**

(വോയിസ്)

*സന്ദർശനത്തിന്റെ ആദ്യദിനത്തിൽ, ഇസ്രായേൽ പാർലമെന്റ് നെസെറ്റിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. ഇസ്രയേൽ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ നേതാവ് കൂടിയായിരിക്കും ശ്രീ മോദി. നാളെ ഇസ്രയേൽ പ്രസിഡന്റ് ഐസക് ഹെർസോഗുമായും പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടക്കും. ജറുസലേമിൽ വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന ശ്രീ മോദി ഇന്ത്യൻ വംശജരെ അഭിസംബോധന ചെയ്യും. യാദ് വാഷേം ഹോളോകോസ്റ്റ് സ്മാരകവും അദ്ദേഹം സന്ദർശിക്കും. ചരിത്രപരമായ സന്ദർശനമാണിതെന്നും നിരവധി കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പുവയ്ക്കുമെന്നും ഇസ്രയേലിലെ ഇന്ത്യൻ അംബാസഡർ ജെ പി സിങ്ങ് പറഞ്ഞു. ന്യൂസ് ഡസ്ക്, ആകാശവാണി...*

**************************************

## CABINET-EARLY

സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കി മാറ്റുന്ന നിർദ്ദേശത്തിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. കേരള എന്നത് മാറ്റി കേരളം ആക്കിക്കൊണ്ടുള്ള പേരുമാറ്റ ബില്ലിൽ രാഷ്ട്രപതി സംസ്ഥാന നിയമസഭയുടെ അഭിപ്രായം തേടും. ശേഷം കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ

വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കി മാറ്റണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുന്ന പ്രമേയത്തിന് 2024 ൽ സംസ്ഥാന നിയമസഭ അംഗീകാരം നൽകിയിരുന്നു. പ്രധാനമന്ത്രിയുടെ പുതിയ ഓഫീസായ സേവാ തീർത്ഥിൽ ചേർന്ന ആദ്യ മന്ത്രിസഭാ യോഗമാണ് ഇന്നലെ നടന്നത്. സേവതീർത്ഥിനെ ജനകേന്ദ്രീകൃത ഭരണത്തിന്റെ ആഗോള മാതൃകയാക്കി മാറ്റുമെന്ന സേവാ സങ്കൽപ് പ്രമേയത്തിനും മന്ത്രിസഭ അംഗീകാരം നൽകി. മഹാരാഷ്ട്ര, മധ്യപ്രദേശ്, ബീഹാർ, ഝാർഖണ്ഡ് എന്നിവിടങ്ങളിലായി എട്ട് ജില്ലകളെ ഉൾക്കൊള്ളുന്ന മൂന്ന് മൾട്ടിട്രാക്കിംഗ് പദ്ധതികൾക്കും സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതി അംഗീകാരം നൽകി.

******************************

## KERALA - CABINET

പി.എസ്.സി നിയമനത്തിന് അപേക്ഷിക്കാനുള്ള നിലവിലുള്ള പ്രായപരിധിയിൽ 4 വർഷത്തെ വർദ്ധനവ് വരുത്തി സംസ്ഥാന മന്ത്രിസഭ. ജനറൽ വിഭാഗത്തിന് നിലവിലുള്ള പ്രായപരിധി 36 എന്നത് 40 ആയി ഉയർത്തി. പ്രായപരിധിയിൽ ഇളവ് ലഭ്യമായ മറ്റ് വിഭാഗക്കാർക്കും തത്തുല്യമായ വർദ്ധനവ് ലഭ്യമാകും. പ്രകൃതിദുരന്തങ്ങൾകാരണം വാസസ്ഥലങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങളിൽ നിന്ന് സാമ്പത്തികസുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് സമഗ്ര ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കാനും മന്ത്രിസഭ തീരുമാനിച്ചു.

******************************

## SHIVRAJ-MEETING

കർഷക ക്ഷേമത്തിനായി സംസ്ഥാനങ്ങൾക്ക് അനുവദിച്ച ഫണ്ട് അടുത്ത മാസം 31-നകം പൂർണമായി വിനിയോഗിക്കണമെന്ന്

കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെയും കൃഷി ഉന്നതി പദ്ധതിയുടെയും പുരോഗതി അവലോകനം ചെയ്യുന്നതിനായി വിവിധ സംസ്ഥാനങ്ങളിലെ കൃഷി മന്ത്രിമാരുമായും മുതിർന്ന ഉദ്യോഗസ്ഥരുമായും ന്യൂഡൽഹിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അസം, ബിഹാർ, ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര, ഹരിയാന എന്നിവയുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ യോഗത്തിൽ സംബന്ധിച്ചു. കർഷകരിലേക്ക് ആനുകൂല്യങ്ങൾ എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ കേന്ദ്ര ഫണ്ടുകളുടെ സമയബന്ധിതവും കാര്യക്ഷമവുമായ വിനിയോഗം അനിവാര്യമാണെന്നും ശ്രീ ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു.

******************************

## SC-EB SIR

പശ്ചിമ ബംഗാളിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട 80 ലക്ഷത്തോളം പരാതികൾ കൈകാര്യം ചെയ്യുന്നതിന് ഝാർഖണ്ഡ്, ഒഡീഷ എന്നിവിടങ്ങളിൽ നിന്നുള്ള ജുഡീഷ്യൽ ഓഫീസർമാരെ നിയമിക്കാൻ സുപ്രീം കോടതി കൽക്കട്ട ഹൈക്കോടതിക്ക് അനുമതി നൽകി. വെരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കാൻ 250 ജില്ലാ ജഡ്ജിമാർക്ക് ഏകദേശം 80 ദിവസം വേണ്ടിവരുമെന്ന് കൽക്കട്ട ഹൈക്കോടതി നേരത്തെ സുപ്രീം കോടതിയെ അറിയിച്ചിരുന്നു. ഇതോടെയാണ് അധിക ഉദ്യോഗസ്ഥരെ വിന്യസിക്കാൻ സുപ്രീം കോടതി അനുമതി നൽകിയത്.

******************************

## REV ECI- ROUND TABLE CONFERENCE

ജനാധിപത്യത്തിന്റെ അടിസ്ഥാനം കൃത്യതയാർന്ന വോട്ടർപട്ടികയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ

ഇന്നലെ നടന്ന കേന്ദ്ര-സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ ദേശീയ വട്ടമേശ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2026 ലെ ദേശീയ പ്രഖ്യാപനം അംഗീകരിച്ചുകൊണ്ടാണ് സമ്മേളനം സമാപിച്ചത്. സംശുദ്ധ വോട്ടർ പട്ടിക തയ്യാറാക്കൽ ജനാധിപത്യത്തിന്റെ അടിത്തറയാണെന്ന് പ്രഖ്യാപനം വ്യക്തമാക്കുന്നു. 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇത്തരമൊരു സമ്മേളനം നടന്നത്.

*******************************

## KERALA - SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാം. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

*******************************

## KANNUR - AYURVEDA RESEARCH CENTER

കണ്ണൂർ കല്യാട് പൂർത്തിയായ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രതിന്റെ ഒന്നാം ഘട്ടം ഇന്ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 200 കോടി രൂപ ചെലവഴിച്ചാണ് ആദ്യ ഘട്ടം പൂർത്തിയാക്കിയത്. 100 കിടക്കകളുള്ള ഗവേഷണ ആശുപത്രിയും ഔഷധസസ്യ ഗവേഷണ കേന്ദ്രവും നഴ്സറിയും താളിയോല പഠന കേന്ദ്രവുമാണ് ആദ്യഘട്ടത്തിൽ സജ്ജമാവുന്നത്.

******************************

## MALABAR COURTYARD RESORT (INTRO)

ഏഷ്യയിലെ ഏറ്റവും നീളം കൂടിയ കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിൽ കെ. ടി.ഡി.സി ആരംഭിക്കുന്ന മലബാർ കോർട്യാഡ് റിസോട്ട് ഇന്ന് പ്രവർത്തനം ആരംഭിക്കും. വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..**

**(വോയിസ്)**

******************************

## T20 WORLD CUP

ഐസിസി പുരുഷ ടി20 ക്രിക്കറ്റ് ലോകകപ്പിൽ, ഗ്രൂപ്പ് രണ്ട് സൂപ്പർ 8 മത്സരത്തിൽ ഇംഗ്ലണ്ട് പാകിസ്ഥാനെ 2 വിക്കറ്റിന് പരാജയപ്പെടുത്തി. 165 റൺസ് എന്ന വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 2 വിക്കറ്റും 5 പന്തും ബാക്കി നിൽക്കെ ലക്ഷ്യം മറികടന്നു. 51 പന്തിൽ നിന്ന് 100 റൺസ് നേടിയ ഹാരി ബ്രൂക്കിനെയാണ് കളിയിലെ താരം. ഇന്ന്, കൊളംബോയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക ന്യൂസിലൻഡിനെ നേരിടും.

******************************

## INDIA-KENYA JWG

കാർഷിക മേഖലയിലെ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്താൻ തീരുമാനിച്ച് ഇന്ത്യയും കെനിയയും. കൃഷിയെക്കുറിച്ചുള്ള ആദ്യത്തെ സംയുക്ത

പ്രവർത്തക സമിതി യോഗത്തിലാണ് തീരുമാനം. കാർഷിക മേഖലയിൽ നിലവിലെ മുൻഗണനകൾ, പ്രധാന വെല്ലുവിളികൾ, ഉയർന്നുവരുന്ന സംരംഭങ്ങൾ എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഇരുപക്ഷവും കൈമാറി.

******************************

## MORN. INDIA ISRAEL COUNTER TERRORISM

ഭീകരതയെ പിന്തുണയ്ക്കുന്നവർക്കെതിരെ ഒറ്റക്കെട്ടായി നിൽകാനുള്ള പ്രതിജ്ഞാബദ്ധത ഉറപ്പിച്ച് ഇന്ത്യയും ഇസ്രായേലും. ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-ഇസ്രായേൽ സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ 10-ാമത് യോഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഭീകരതയെ നേരിടാൻ സുസ്ഥിരവും സമഗ്രവുമായ നടപടി ആവശ്യമാണെന്ന് ഇരുപക്ഷവും ആവർത്തിച്ചു. ഭീകരണക്രമങ്ങളിൽ വർധിച്ചു വരുന്ന ഡ്രോണുകളുടെയും, നിർമിത ബുദ്ധിയുടെയും ഉപയോഗത്തിലും യോഗം ആശങ്ക പ്രകടിപ്പിച്ചു.

******************************

## UN RESOLUTION-INDIA

റഷ്യയും യുക്രൈനും തമ്മിൽ പൂർണ്ണവും അടിയന്തരവുമായി വെടിനിർത്തൽ ആവശ്യപ്പെടുന്ന ഐക്യരാഷ്ട്രസഭ കരട് പ്രമേയത്തിൽ നിന്ന് ഇന്ത്യ വിട്ടുനിന്നു. 193 അംഗ യുഎൻ പൊതുസഭ കരട് പ്രമേയം അംഗീകരിച്ചു. 107 രാജ്യങ്ങൾ അനുകൂലിച്ചു. 12 രാജ്യങ്ങൾ എതിർത്തു. 51 രാജ്യങ്ങൾ വിട്ടുനിന്നു. യുക്രൈൻ ആണ് പ്രമേയം അവതരിപ്പിച്ചത്. ബഹ്റൈൻ, ബംഗ്ലാദേശ്, ബ്രസീൽ, ചൈന, ദക്ഷിണാഫ്രിക്ക, ശ്രീലങ്ക, യുഎഇ, യുഎസ് എന്നിവയും പ്രമേയത്തിൽ നിന്നും വിട്ടു നിന്നു.

******************************

## WEST BANK-US EMBASSY

വെസ്റ്റ് ബാങ്കിലെ ഇസ്രയേലി സെറ്റിൽമെന്റുകളിൽ പാസ്പോർട്ട് സഹായം ഉൾപ്പെടെയുള്ള കോൺസുലാർ സേവനങ്ങൾ നേരിട്ട് നൽകുമെന്ന് ജറുസലേമിലെ യുഎസ് എംബസി. ഇസ്രയേലി സെറ്റിൽമെന്റായ ബെയ്റ്റാർ ഇല്ലിറ്റിലും സമാനമായ സേവനം വരും മാസങ്ങളിൽ ആസൂത്രണം ചെയ്യുന്നതായി എംബസി അറിയിച്ചു. ഇസ്രയേൽ വിദേശകാര്യ മന്ത്രാലയം തീരുമാനത്തെ സ്വാഗതംചെയ്തു.

*

**********************

**************************************************************